**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3826** — **09-10-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കുള്ള യു.ഡി.ഐ.ഡി കാർഡ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** |
| (എ) ഭിന്നശേഷിക്കാർക്ക് നൽകുന്ന യൂ.ഡി.ഐ.ഡി കാർഡിന് വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നാളിതുവരെ തീർപ്പാക്കാത്തവയുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്ത് ഇതു വരെ 487598 അപേക്ഷകളാണ് UDID കാർഡിനുവേണ്ടി ലഭിച്ചിട്ടുള്ളത്. ആയതിൽ 401909 ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡുകൾ (UDID) നൽകിയിട്ടുള്ളതും 38970 അപേക്ഷകൾ വിവിധ കാരണങ്ങളാൽ പരിശോധനയിൽ നിരസിച്ചിട്ടുള്ളതുമാണ്. 4/10/2025-വരെ യു.ഡി.ഐ.ഡി കാർഡിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കുവാനുള്ള അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ലകൾ | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് |
|---|---|---|
| 1 | തിരുവനന്തപുരം | 4164 |
| 2 | കൊല്ലം | 2943 |
| 3 | പത്തനംതിട്ട | 810 |
| 4 | ആലപ്പുഴ | 1794 |
| 5 | കോട്ടയം | 2436 |
| 6 | ഇടുക്കി | 1974 |
| 7 | എറണാകുളം | 2721 |
| 8 | തൃശ്ശൂർ | 3112 |
| 9 | പാലക്കാട് | 4100 |
| 10 | മലപ്പുറം | 5341 |
| 11 | കോഴിക്കോട് | 12623 |
| 12 | വയനാട് | 477 |
| 13 | കണ്ണൂർ | 1879 |
| 14 | കാസർഗോഡ് | 2345 |
| **ആകെ** | | **46719** |

| | | | |
|---|---|---|---|
| (ബി) | ഓരോ ജില്ലയിലും ഏത് തീയതിവരെ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കാണ് പ്രസ്തുത കാർഡ് ലഭ്യമാക്കിയതെന്ന് അറിയിക്കാമോ; | (ബി) | ഭിന്നശേഷി മെഡിക്കൽ ബോർഡു സർട്ടിഫിക്കറ്റും, യു.ഡി.ഐ.ഡി കാർഡും സംസ്ഥാനത്തെ തിരഞ്ഞെടുത്ത സർക്കാർ ആശുപത്രികൾ മുഖേനയാണ് നൽകിവരുന്നത്. www.swavalambancard.gov.in എന്ന വെബ് സൈറ്റ് വഴി സമർപ്പിക്കുന്ന അപേക്ഷകൾ നേരിട്ട് ടി സർക്കാർ ആശുപത്രികളുടെ UDID ലോഗിനിലാണ് എത്തുന്നത്. തുടർന്ന് അപേക്ഷകൻ ഭിന്നശേഷി മെഡിക്കൽ ബോർഡിൽ പങ്കെടുത്ത് സ്പെഷ്യലിസ്റ്റ് ഡോക്ടർ ഉൾപ്പെടെയുള്ള മെഡിക്കൽ ബോർഡ് അംഗങ്ങൾ അപേക്ഷകന്റെ ഭിന്നശേഷി തോത് കണക്കാക്കി നൽകുന്ന ഭിന്നശേഷി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് യു.ഡി.ഐ.ഡി കാർഡ് അനുവദിക്കുന്നത്. വിവിധ കാലയളവിൽ ഭിന്നശേഷി സർട്ടിഫിക്കറ്റിനായി ലഭിച്ചിട്ടുള്ള 7349-ഓളം യു.ഡി.ഐ.ഡി. കാർഡിനുള്ള അപേക്ഷകൾ വിവിധ ജില്ലാ മെഡിക്കൽ ഓഫീസുകളിലായി തീർപ്പാക്കാനായിട്ടുണ്ട്. വിവിധ ആശുപത്രികളിൽ 39226 അപേക്ഷകൾ മെഡിക്കൽ ബോർഡ് കൂടുന്നതിനായി ബാക്കിയുണ്ട്. പ്രസ്തുത അപേക്ഷകളെല്ലാം തന്നെ പല തീയതികളിലായി ലഭിച്ചിട്ടുള്ളതാണ്. ആയതിനാൽ ഓരോ ജില്ലയിലും ഏത് തീയതിവരെ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കാണ് യു.ഡി.ഐ.ഡി കാർഡ് ലഭ്യമാക്കിയിട്ടുള്ളതെന്ന് കൃത്യമായി കണക്കാക്കുന്നതിന് സാധിക്കുകയില്ല. |
| (സി) | സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണവും ആയത് ത്വരിത ഗതിയിൽ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ; | (സി) | വികേന്ദ്രീകൃത ഭിന്നശേഷി മെഡിക്കൽ ബോർഡ് ക്യാമ്പുകൾ സംഘടിപ്പിച്ച് അറിയിപ്പുകൾ നൽകിയാൽ പോലും 50%-60% പേർ മാത്രമാണ് ടി ക്യാമ്പുകളിൽ എത്തിച്ചേരുന്നത് എന്നതിനാലാണ് യു.ഡി.ഐ.ഡി. കാർഡിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ പ്രധാനമായും കാലതാമസം നേരിടുന്നത്. കൂടാതെ ടി അപേക്ഷകരിൽ ഏകദേശം 30% ത്തോളം പേർ ബുദ്ധിപരമായ വൈകല്യങ്ങൾ ഉള്ളവരുമാണ്. നിലവിലുള്ള 'അസസ്മെന്റ് ഗൈഡ് ലൈൻ' പ്രകാരം ബുദ്ധിപരമായ വൈകല്യങ്ങൾ അസസ്മെന്റ് ചെയ്യാനുള്ള മെഡിക്കൽ ബോർഡ് അംഗങ്ങളിൽ ഒരംഗം ക്ലിനിക്കൽ റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റാണ് വേണ്ടത്. എന്നാൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ക്ലിനിക്കൽ/ റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റിന്റെ കുറവുള്ളതിനാൽ ഈ വിഭാഗത്തിന്റെ മെഡിക്കൽ അസസ്മെന്റിന് പ്രയാസം നേരിടുന്നുണ്ട്.<br><br>യു.ഡി.ഐ.ഡി. കാർഡുകൾ ത്വരിത ഗതിയിൽ തീർപ്പാക്കുന്നതിനായി വികേന്ദ്രീകൃത ഭിന്നശേഷി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് തിരഞ്ഞെടുത്ത 107 ആശുപത്രികൾ വഴി കാർഡുകൾ വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ യു.ഡി.ഐ.ഡി. കാർഡു നൽകുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ ജില്ലകളിൽ ഓരോ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. UDID രജിസ്ട്രേഷൻ സമ്പൂർണ്ണമാക്കുന്നതിനായി വലിയ തോതിലുള്ള പ്രചരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളിലൂടെയും കുടുംബശ്രീ ജീവനക്കാരുടെ സഹായത്തോടെയും തന്മുദ്ര എന്ന പേരിൽ യു.ഡി.ഐ.ഡി സമ്പൂർണ്ണ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ക്യാമ്പുകൾ സംഘടിപ്പിച്ചും യു.ഡി.ഐ.ഡി. അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഡി.എം.ഒ. തലത്തിലുള്ള പരിശോധനയിൽ തിരുത്തലുകൾ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള അപേക്ഷകർക്ക് ബ്ലോക്ക് പഞ്ചായത്ത്/നിയോജക മണ്ഡലാടിസ്ഥാനത്തിൽ അദാലത്ത് നടത്തി അപേക്ഷകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. |
| (ഡി) | യു.ഡി.ഐ.ഡി കാർഡ് ലഭ്യമായതിനുശേഷം ഭിന്നശേഷിക്കാർ അപേക്ഷിക്കേണ്ട ക്ഷേമപെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ കാർഡിന് അപേക്ഷിച്ച തീയതി മുതൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ